സാമൂഹ്യ ആരോഗ്യ കേന്ദ്രം ,വിളപ്പിൽ

തീയതി : 24 /12 /2022

# പുനർലേല /ക്വട്ടേഷൻ നോട്ടീസ്

വിളപ്പിൽ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിനെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിന്റെ ഭാഗമായി സർക്കാർ ഉത്തരവ് നമ്പർ .G .O (Rt ) 619 /2020 ,തീയതി : 20 /03 /2020 പ്രകാരം അനുവദിച്ച തുക ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി ഈ സ്ഥാപനത്തിലെ ഒ.പി കെട്ടിടത്തിന്റെ സമീപത്തുള്ള മെഡിക്കൽ ഓഫീസറിന്റെ ഉപയോഗ ശൂന്യമായ കെട്ടിടം പൊളിച്ചു മാറ്റുന്നതിന് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പ് ഡയറക്ടറുടെ 19 /10 /2022 ലെ പി.എൽ.ബി 2 - 2840 /2022 - ) ം നമ്പർ ഉത്തരവ് പ്രകാരം അനുവാദം ലഭിച്ചിട്ടുണ്ട് .ആകയാൽ ഈ കെട്ടിടം പൊളിച് മാറ്റുന്നതിന് താല്പര്യമുള്ളവരിൽ നിന്ന് മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ഇതോടൊപ്പം പരസ്യ ലേലവും നടത്തുന്നതാണ് ,യഥാസമയം മുദ്ര വച്ച ക്വട്ടേഷനുകൾ സമർപ്പിച്ചവർക്കും പരസ്യ ലേലത്തിൽ പങ്കെടുക്കാവുന്നതാണ് . പരസ്യ ലേലത്തിൽ പങ്കെടുക്കുന്നവർ 1000 /- രൂപ നിരത ദ്രവ്യമായി ലേലത്തിന് തൊട്ടു മുമ്പായി കെട്ടി വയ്ക്കേണ്ടതാണ്.സർവ്വേ റിപ്പോർട്ട് പ്രകാരം വില നിശ്ചയിച്ചയിചിട്ടുള്ളത് 38650 /- രൂപയാണ് .

ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതി 05 /01 /2023 പകൽ 11 മണി അന്നേദിവസം 11 .30 ന് പരസ്യ ലേലം കഴിഞ്ഞതിനു ശേഷം ക്വട്ടേഷനുകൾ തുറക്കുന്നതും ലേലത്തിൽ വിളിച്ച തുകയോ ക്വട്ടേഷനിൽ രേഖപ്പെടുത്തിയ തുകയോ ഏതാണോ കൂടുതൽ ആ വ്യക്തിക്ക്/സ്ഥാപനത്തിന് ക്വട്ടേഷൻ /ലേലം ഉറപ്പിക്കുന്നതും ലേലം ക്വട്ടേഷൻ സ്ഥിരപ്പെടുത്തി ലഭിച്ച ആൾ തുകയും ലേലത്തുകയുടെ /ക്വട്ടേഷൻ തുകയുടെ 18 % GST യും ഉൾപ്പെടെയുള്ള തുക അപ്പോൾ തന്നെ ഓഫീസിൽ അടയ്ക്കേണ്ടതാണ് .പൊളിക്കുന്ന കെട്ടിടത്തിന്റെ സാധനങ്ങൾ, കെട്ടിടാവശിഷ്ടങ്ങൾ എന്നിവ 7 ദിവസത്തിനുള്ളിൽ ക്വട്ടേഷൻ /ലേലം ലഭിച്ച ആൾ സ്വന്തം ചെലവിൽ സ്ഥലത്തു നിന്ന് പൂർണമായി പൊളിച്ചു മാറ്റി നീക്കം ചെയേണ്ടതുമാണ്.ടി തീയതിക്കുള്ളിൽ പൊളിച്ചു മാറ്റാത്ത പക്ഷം പ്രസ്തുത ലേലം /ക്വട്ടേഷനുകൾ അസ്ഥിരപ്പെടുകയും അടച്ച തുക പൂർണമായി സർക്കാരിലേക്ക് കണ്ടുകെട്ടി പുനർ ലേലം /ക്വട്ടേഷൻ നടത്തുന്നതായിരിക്കും .ലേല ദിവസം ഏതെങ്കിലും കാരാണവശാൽ പൊതുഅവധിയായാൽ അടുത്ത പ്രവർത്തി ദിവസം ലേലം നടത്തുന്നതാണ് .

കൂടുതൽ വിവരങ്ങൾക്കും പൊളിച്ചു മാറ്റുന്ന കെട്ടിടം കാണുന്നതിനും ഓഫീസ് സമയങ്ങളിൽ സ്ഥാപന മേധാവിയെ സമീപിച്ചാൽ ആവശ്യമായ വിവരങ്ങൾ നൽകുന്നതാണ്.മതിയായ തുക ലഭിക്കാതെ വരികയോ ലേല നടപടികൾ മാനദണ്ഡപ്രകാരം നടത്തുവാൻ ടി ദിവസം കഴിയാതെ വന്നാൽ യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം റദ്ദാക്കുന്നതിനോ മാറ്റിവയ്ക്കുന്നതിനോ ഉള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ആളിൽ നിക്ഷിപ്തമായിരിക്കും

L. Rema 24/12/2022.

ഡോ. രമ .എൽ

മെഡിക്കൽ ഓഫീസർ ഇൻ ചാർജ്

Medical Officer In Charge
Community Health Centre, Vilappil

COMMUNITY HEALTH CENTRE
VILAPPIL, TRIVANDRUM-DIST

ആരോഗ്യ വകുപ്പ് ഡയറക്ടർ

തിരുവനന്തപുരം

(വെബ് സൈറ്റിൽ പ്രസിദ്ധികരണത്തിനായി )

പകർപ്പ്

നോട്ടീസ് ബോർഡ്

നേമം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്,

വിളപ്പിൽ ഗ്രാമ പഞ്ചായത്തു ഓഫീസ് ,വില്ലേജ് ഓഫീസ് വിളപ്പിൽ

സാമൂഹ്യ ആരോഗ്യ കേന്ദ്രം .വിളപ്പിൽ